**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4177** **18-03-2025 - ൽ മറുപടിയ്ക്ക്**

**കോങ്ങാട് മണ്ഡലത്തിലെ ഓടന്നൂർ പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോങ്ങാട് നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖേന അനുവദിച്ചിട്ടുള്ള ഓടന്നൂർ പാലം നിർമ്മാണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (എ) | കോങ്ങാട് നിയോജക മണ്ഡലത്തിലെ ഓടന്നൂർ പാലം നിർമ്മാണ പ്രവൃത്തിയ്ക്ക് 16/06/2019-ലെ നടപടിക്രമ ഉത്തരവ് പ്രകാരം കിഫ്ബി 11.71 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിരുന്നു. എന്നാൽ നിർവ്വഹണ ഏജൻസിയായ KRFB സമർപ്പിച്ച DPR പ്രകാരം പദ്ധതിയ്ക്ക് ആവശ്യമായ ഭൂമി ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിരുന്നതിനാൽ സാമ്പത്തികാനുമതിയിൽ ഭൂമിയേറ്റെടുക്കലിനുള്ള തുക ഉൾപ്പെട്ടിരുന്നില്ല. ആയത് കൂടി ഉൾപ്പെടുത്തി KRFB സമർപ്പിച്ച റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ചെലവ് കുറയ്ക്കുന്നതിനുള്ള സാധ്യതകൾ പരിശോധിയ്ക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിക്കൊണ്ട് സാമ്പത്തികാനുമതി 16.89 കോടി രൂപയായി 13/03/2024-ലെ നടപടിക്രമ ഉത്തരവ് പ്രകാരം പുതുക്കി നൽകിയിരുന്നു. പ്രസ്തുത ഉത്തരവിലെ നിർദ്ദേശമനുസരിച്ച് പുതുക്കിയ അലൈന്മെന്റിന് അംഗീകാരം ലഭിച്ചതായും, ആയത് പ്രകാരം അലൈൻമെന്റ് കല്ലുകൾ മാറ്റി സ്ഥാപിച്ച് ലാൻഡ് അക്വിസിഷൻ ഡ്രോയിങ് നിർവ്വഹണ ഏജൻസി പാലക്കാട് കിഫ്ബി LA-സ്പെഷ്യൽ തഹസിൽദാർക്ക് കൈമാറുകയും ചെയ്തിരുന്നു. 27/02/2025-ലെ സ.ഉ (സാധാ) നം. 517/2025/RD പ്രകാരം പാലക്കാട് ജില്ലയിലെ പാലക്കാട് താലൂക്കിൽ പറളി-II വില്ലേജിൽ ഉൾപ്പെട്ട 38 ആർ ഭൂമി ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിന്റെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും അനുബന്ധ നടപടികൾ തുടർന്ന് വരുന്നതായും KRFB അറിയിച്ചിട്ടുണ്ട്. ഭൂമിയേറ്റെടുക്കലിനുള്ള പുതുക്കിയ എസ്റ്റിമേറ്റ് സഹിതം നിർവ്വഹണ ഏജൻസി സമർപ്പിച്ച പ്രൊപ്പോസൽ അംഗീകരിച്ച് സാമ്പത്തികാനുമതി 17.84 കോടി രൂപയാക്കി പരിഷ്കരിച്ചു കൊണ്ട് കിഫ്ബി 14/03/2025-ലെ നടപടിക്രമ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. 13/03/2024-ലെ നടപടിക്രമ |

| | | | |
|---|---|---|---|
| | | | ഉത്തരവിൽ നിഷ്കർഷിച്ചതനുസരിച്ച് ചെലവ് കുറയ്ക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച ശേഷം സാങ്കേതിക അനുമതിക്കുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതുണ്ട്. ഇപ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് പരിശോധിച്ച് അംഗീകാരം നൽകുന്നതിന് കിഫ്ബി നടപടികൾ സ്വീകരിക്കുന്നതും, ആയതിന്റെ അടിസ്ഥാനത്തിൽ ഭൂമിയേറ്റെടുക്കൽ പൂർത്തീകരിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിച്ച് പ്രവൃത്തി നിർവ്വഹിക്കുന്നതിനുള്ള നടപടികൾ നിർവ്വഹണ ഏജൻസിക്കും സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ